# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആതവനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.MPM13/1245/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 06/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആതവനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.MPM13/1245/22 തീയ്യതി: 06/06/2022

## മലപ്പുറം ജില്ലയിലെ ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-06-2021 മുതൽ 18-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-05-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 19-05-2022 | 27-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-05-2022 | 27-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുന്നാസർ. പി,ഓഡിറ്റ് ഓഫീസർ

ശ്രീ. അബ്ദുൽ ഗഫൂർ. സി, അസി.ഓഡിറ്റ് ഓഫീസർ

ശ്രീ, സന്തോഷ്.പി,അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി. സുജിത. പി.കെ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മുഹമ്മദ് ഇസ്മായിൽ | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 01-11-2020 | 29-12-2020 |
| ശ്രീമതി.സിനോബിയ ടി പി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. സക്കീർ ഹുസൈൻ കെ കെ | സെക്രട്ടറി | 01-04-2020 | 03-08-2020 |
| ശ്രീമതി.പ്രീത എസ് നായർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-08-2020 | 27-08-2020 |
| ശ്രീ. സക്കീർ ഹുസൈൻ കെ കെ | സെക്രട്ടറി | 28-08-2020 | 03-02-2021 |
| ശ്രീ. സനിൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-02-2021 | 17-02-2021 |
| ശ്രീ. സക്കീർ ഹുസൈൻ കെ കെ | സെക്രട്ടറി | 18-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പ്രീത എസ് നായർ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.അബ്ദുൾ ഖാലിക് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.മുഹമ്മദ് സബാഹ് | മെഡിക്കൽ ഓഫീസർ( പിഎച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.പ്രവീണ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീമതി. ഹാരിഫ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. സുജിത്ത് എസ് | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ഡോ. റോഷ്ന റഷീദ്കുട്ടി | വെറ്ററനറി സർജൻ | 01-04-2020 | 18-09-2020 |
| ഡോ.ഷേണുനാഥ് | വെറ്ററനറി സർജൻ | 05-10-2020 | 31-03-2021 |
| ശ്രീമതി.ഗിരിജ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.മല്ലിക.എം. | ഹെഡ് മിസ്ട്രസ്സ് | 01-04-2020 | 17-09-2020 |
| ശ്രീമതി. ശ്രീകല | ഹെഡ് മിസ്ട്രസ്സ് | 18-09-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ. ഷുഹൈബ് പി | വെറ്ററനറി സർജൻ | 19-09-2020 | 04-10-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujitha.P.K (Auditor, On 24-05-2022)<br>Last Updated By: Sujitha.P.K (Auditor, On 24-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Sujitha.P.K (Auditor, On 24-05-2022)<br>Last Updated By: Sujitha.P.K (Auditor, On 24-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sujitha.P.K (Auditor, On 24-05-2022)<br>Last Updated By: Sujitha.P.K (Auditor, On 24-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Sujitha.P.K (Auditor, On 24-05-2022)<br>Last Updated By: Sujitha.P.K (Auditor, On 24-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sujitha.P.K (Auditor, On 24-05-2022)<br>Last Updated By: Sujitha.P.K (Auditor, On 24-05-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sujitha.P.K (Auditor, On 24-05-2022)<br>Last Updated By: Sujitha.P.K (Auditor, On 29-05-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Sujitha.P.K (Auditor, On 24-05-2022)<br>Last Updated By: Sujitha.P.K (Auditor, On 24-05-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sujitha.P.K (Auditor, On 24-05-2022)<br>Last Updated By: Sujitha.P.K (Auditor, On 29-05-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Sujitha.P.K (Auditor, On 24-05-2022)<br>Last Updated By: Unni.P (Deputy Director, On 02-06-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sujitha.P.K (Auditor, On 24-05-2022)<br>Last Updated By: Sujitha.P.K (Auditor, On 25-05-2022) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Sujitha.P.K (Auditor, On 24-05-2022)<br>Last Updated By: Unni.P (Deputy Director, On 02-06-2022) | 1-11 |
| 12 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ<br>Written By: Sujitha.P.K (Auditor, On 29-05-2022)<br>Last Updated By: Unni.P (Deputy Director, On 02-06-2022) | 1-12 |
| 13 | തൊഴിൽ നികുതി അടവാക്കിയതിൽ സമയനിഷ്ഠ പാലിച്ചില്ല.<br>Written By: ABDHU NAZER.P (Audit Officer, On 29-05-2022)<br>Last Updated By: Unni.P (Deputy Director, On 06-06-2022) | 1-13 |
| 14 | മഴക്കാല പൂർവ്വ ശുചീകരണം- ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു.<br>Written By: ABDHU NAZER.P (Audit Officer, On 29-05-2022)<br>Last Updated By: Sujitha.P.K (Auditor, On 29-05-2022) | 1-14 |
| 15 | ഇ ടെണ്ടർ -ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 27-05-2022)<br>Last Updated By: Sujitha.P.K (Auditor, On 29-05-2022) | 1-15 |
| 16 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികൾ -അപാകതകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 27-05-2022)<br>Last Updated By: Unni.P (Deputy Director, On 02-06-2022) | 1-16 |

| | | |
|---|---|---|
| 17 | കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കിൽ പരിമിതപ്പെടുത്താതെ ബിൽ തുക നൽകി.ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 4408 രൂപ അടവാക്കി<br>Written By: Abdul.Gafoor.C (Asst. Audit Officer, On 27-05-2022)<br>Last Updated By: Sujitha.P.K (Auditor, On 29-05-2022) | 1-17 |
| 18 | മുൻകൂർ തുക നൽകി-കമ്പ്യൂട്ടർ ലഭ്യമായില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 27-05-2022)<br>Last Updated By: Unni.P (Deputy Director, On 02-06-2022) | 1-18 |
| 19 | സമഗ്ര വിദ്യാഭ്യാസ പദ്ധതി- രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു.<br>Written By: Santhosh.P.T (Asst. Audit Officer, On 28-05-2022)<br>Last Updated By: Unni.P (Deputy Director, On 02-06-2022) | 1-19 |
| 20 | വൃദ്ധജനങ്ങൾക്ക് കട്ടിൽ- രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.<br>Written By: Santhosh.P.T (Asst. Audit Officer, On 28-05-2022)<br>Last Updated By: Unni.P (Deputy Director, On 02-06-2022) | 1-20 |
| 21 | വിളഭ രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ<br>Written By: Santhosh.P.T (Asst. Audit Officer, On 28-05-2022)<br>Last Updated By: Unni.P (Deputy Director, On 06-06-2022) | 1-21 |
| 22 | രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു.<br>Written By: Santhosh.P.T (Asst. Audit Officer, On 28-05-2022)<br>Last Updated By: Unni.P (Deputy Director, On 02-06-2022) | 1-22 |
| 23 | ജലജീവൻ മിഷൻ പദ്ധതി- ഗ്രാമ പഞ്ചായത്ത് വിഹിതം നൽകിയതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: ABDHU NAZER.P (Audit Officer, On 29-05-2022)<br>Last Updated By: Unni.P (Deputy Director, On 02-06-2022) | 1-23 |
| 24 | തെരുവ് വാട്ടർ ടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധന നടത്തി ഉറപ്പ് വരുത്തിയിട്ടില്ല.<br>Written By: ABDHU NAZER.P (Audit Officer, On 29-05-2022)<br>Last Updated By: Unni.P (Deputy Director, On 02-06-2022) | 1-24 |
| 25 | വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു<br>Written By: ABDHU NAZER.P (Audit Officer, On 29-05-2022)<br>Last Updated By: Unni.P (Deputy Director, On 02-06-2022) | 1-25 |
| 26 | എസ്.എസ്.എ. വിഹിതം<br>Written By: ABDHU NAZER.P (Audit Officer, On 29-05-2022)<br>Last Updated By: Unni.P (Deputy Director, On 02-06-2022) | 1-25-1 |
| 27 | സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകിയത്<br>Written By: ABDHU NAZER.P (Audit Officer, On 29-05-2022)<br>Last Updated By: Unni.P (Deputy Director, On 02-06-2022) | 1-25-2 |
| 28 | ഐ.കെ.എം. വിഹിതം നൽകിയത്.<br>Written By: ABDHU NAZER.P (Audit Officer, On 29-05-2022)<br>Last Updated By: Unni.P (Deputy Director, On 06-06-2022) | 1-25-3 |
| 29 | സ്ട്രീറ്റ്മെയിൻ വലിക്കൽ<br>Written By: ABDHU NAZER.P (Audit Officer, On 29-05-2022)<br>Last Updated By: Unni.P (Deputy Director, On 02-06-2022) | 1-25-4 |
| 30 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം-അപാകതകൾ<br>Written By: ABDHU NAZER.P (Audit Officer, On 29-05-2022)<br>Last Updated By: Unni.P (Deputy Director, On 02-06-2022) | 1-26 |
| 31 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - അപാകത<br>Written By: ABDHU NAZER.P (Audit Officer, On 29-05-2022)<br>Last Updated By: Unni.P (Deputy Director, On 02-06-2022) | 1-27 |

ഭാഗം **2**

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4



| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sujitha.P.K (Auditor, On 24-05-2022)<br>Last Updated By: Sujitha.P.K (Auditor, On 24-05-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sujitha.P.K (Auditor, On 24-05-2022)<br>Last Updated By: Sujitha.P.K (Auditor, On 29-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sujitha.P.K (Auditor, On 24-05-2022)<br>Last Updated By: Sujitha.P.K (Auditor, On 29-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sujitha.P.K (Auditor, On 24-05-2022)<br>Last Updated By: Sujitha.P.K (Auditor, On 24-05-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sujitha.P.K (Auditor, On 24-05-2022)<br>Last Updated By: Sujitha.P.K (Auditor, On 29-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sujitha.P.K (Auditor, On 24-05-2022)<br>Last Updated By: Sujitha.P.K (Auditor, On 29-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sujitha.P.K (Auditor, On 24-05-2022)<br>Last Updated By: Sujitha.P.K (Auditor, On 29-05-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Sujitha.P.K (Auditor, On 24-05-2022)<br>Last Updated By: Unni.P (Deputy Director, On 06-06-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Sujitha.P.K (Auditor, On 24-05-2022)<br>Last Updated By: Sujitha.P.K (Auditor, On 29-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sujitha.P.K (Auditor, On 24-05-2022)<br>Last Updated By: Simon K (Senior Deputy Director, On 06-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sujitha.P.K (Auditor, On 24-05-2022)<br>Last Updated By: Unni.P (Deputy Director, On 02-06-2022) | 4-11 |



## അനുബന്ധം



| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| തീരുമാനം നം-1 തീയതി-23.03.2020 | പുതുക്കിയിട്ടില്ല |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | 25.05.2021 | --- | ----- |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 45246576 |
| വരവ് | 94847328 |
| ആകെ | 140093904 |
| ചെലവ് | 109056252 |
| നീക്കിയിരിപ്പ് | 31037652 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13841662 | 13841662 | 13568780 | 272882 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3750667 | 3750667 | 3064300 | 686367 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 12783000 | 12783000 | 12762934 | 20066 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5229566 | 5229566 | 5145895 | 83671 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 0 | 10252971 | 10252971 | 9321902 | 931069 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 0 | 7000000 | 7000000 | 1045293 | 5954707 |
| ബി ഫണ്ട് | 0 | 63158900 | 63158900 | 63158900 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 333 | 165660433 | 265 | 75275984 | 0 | 68 | 79.58 |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 195195 | 1097068 | 1292263 | 950650 | 341613 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 11428352 | 11428352 | 11428352 | 0 |
| ആകെ | 195195 | 12525420 | 12720615 | 12379002 | 341613 |

### 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 981100 | 57 |
| വിധവാപെൻഷൻ | 20649200 | 1214 |
| വാർദ്ധക്യകാലപെൻഷൻ | 33246700 | 2173 |
| വികലാംഗപെൻഷൻ | 7263000 | 356 |
| വിവാഹ ധനസഹായം | 420000 | 14 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 311900 | 22 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.5.2022 ന് 10.30AM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 25517/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ ചുവടെ ചേർത്തിട്ടുള്ള പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടു

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. തെരുവ് വിളക്കുകളുടെ പരിപാലനം നിരീക്ഷിക്കുന്നതിന് അവയുടെ കൃത്യമായ എണ്ണം, ഇനം, ലൊക്കേഷൻ എന്നിവ രേഖപ്പെടുത്തിയ റജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3. വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവൃത്തിക്കാത്തതിനാൽ മോണിറ്ററിംഗ് ഫലപ്രദമല്ല. മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ട് ഫയലുകളിൽ ഉൾകൊള്ളിച്ചിട്ടില്ല.
4.വി.ഇ.ഓ പ്രോജക്ട് റജിസ്റ്റർ, ക്യാഷ് ബുക്ക് എന്നിവ സൂക്ഷിച്ചിട്ടില്ല.
5.വെറ്ററിനറി സർജൻ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ഫെബ്രുവരി 2022 | ഡിസംബർ 2021 | ഫെബ്രുവരി 2022 |
| എ.ജി ഓഡിറ്റ് | 30.10.2019-01.11.2019 | 2014-15 മുതൽ 2018-19 വരെ | 11.12.2019 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും മറ്റ് സംരംഭങ്ങൾക്കും ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2. B-7 പ്രകാരം Deposits Received ഇനത്തിൽ വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലായി 615207 /- രൂപ

ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കാനായി ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. RP-47 പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾക്ക് വാട്ടർ അതോറിറ്റിക്കു 1350000/- രൂപയും KSEB ക്ക് 508998/- രൂപയും അഡ്വാൻസായി കൊടുത്തിട്ടുണ്ട്. ഇവയുടെ ആധികാരികത പരിശോധിക്കാൻ അഡ്വാൻസ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4. ലേലമിനത്തിൽ തൻവർഷം 29423/- രൂപയുടെ വരവുണ്ട്. ആയത് പരിശോധിക്കാൻ ബന്ധപ്പെട്ട രജിസ്റ്ററുകളോ രേഖകളോ ഹാജരാക്കിയിട്ടില്ല.

5. വസ്തു നികുതി- വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകകളും ലഭ്യമാക്കിയ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും തമ്മിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസമുണ്ട്.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം |
| Residential | 2856910 | 2856910 | 2325024 | 2313488+7677 (Advance)= 2321165 | 517855 | 544589 |
| Non Residential | 6326590 | 6326590 | 5607704 | 5593679 | 714014 | 750125 |

6. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ല.

7. B-18 പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസിനത്തിൽ മുൻവർഷങ്ങളിലായി 15000/- രൂപ തിരികെ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ മുൻകൂർ റജിസ്റ്ററിൽ കൃത്യമായ വിവരമില്ല.

8. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പഴയ ആസ്തികളുടെ വിവരങ്ങൾ പൂർണ്ണമല്ല. വാർഷിക കണക്ക് ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

9. തൻ വർഷത്തിൽ ആർജിച്ച സ്റ്റോക്ക്,സ്റ്റോർ എന്നിവയുടെ മൂല്യം കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

10. ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-12 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

1. സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവ്യത്തിക്കുന്ന ചുവടെ കാണിച്ച സ്ഥാപനങ്ങൾ 2020-21 സാമ്പത്തികവർഷം സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | എസ്.ബി.ഐ പുത്തനത്താണി | I&II |
| 2 | കെ.എസ്.ഇ.ബി പുത്തനത്താണി | I&II |
| 3 | കേരള ഹൈടെക്ക് ടെക്സ്റ്റൈൽ കോപ്പറേറ്റീവ് ലിമിറ്റഡ് | I&II |
| 4 | മാവേലി സ്റ്റോർ, പുത്തനത്താണി | I&II |
| 5 | എസ്.ഐ.ബി പുത്തനത്താണി | I |

2. ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവ്യത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ 2020-21 സാമ്പത്തികവർഷം തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|

| | | |
|---|---|---|
| 1 | എസ്.ഐ.ബി പുത്തനത്താണി | I |
| 2 | വി.ഇ.ഒ | II |
| 3 | മുസ്തഫ (ഡ്രൈവർ) | I & II |

മേൽ അപാകതകൾ കാണിച്ച് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം.2/23.05.2022) നൽകിയതിനെ തുടർന്ന് തൊഴിൽ നികുതി അടവാക്കാൻ ബാക്കിയുള്ള സ്ഥാപനങ്ങളേയും ജീവനക്കാരേയും അറിയിച്ചിട്ടുണ്ടെന്നും അടവാക്കുന്ന മുറക്ക് അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-13 തൊഴിൽ നികുതി അടവാക്കിയതിൽ സമയനിഷ്ഠ പാലിച്ചില്ല.

ജി.ഒ.(പി) 271/2007/ഫിൻ, തി-25.6.2007 നമ്പർ ഉത്തരവ് പ്രകാരം ഓരോ വർഷവും സെപ്തംബർ, ഫെബ്രുവരി മാസങ്ങളിലെ ശമ്പള ബില്ലിനോടൊപ്പം ജീവനക്കാരുടെ തൊഴിൽ നികുതി അടച്ച രശീതി ഉള്ളടക്കം ചെയ്യണമെന്ന് നിർദ്ദേശമുള്ളതാണ്. ഇപ്രകാരം 2019-20 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി 2020 ഫെബ്രുവരി മാസത്തെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്യേണ്ടതായിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി 12500 രൂപ കുറവ് ചെയ്തിട്ടുള്ളത് വൗച്ചർ നമ്പർ- 22000006/7.4.20 പ്രകാരം ജീവനക്കാരുടെ 3/20 ലെ ശമ്പളം നൽകിയതിൽ നിന്നാണ്.

തൊഴിൽ നികുതി സമയബന്ധിതമായി ഡിമാൻറ് ചെയ്ത് ഈടാക്കാൻ ഉത്തരവാദപ്പെട്ട ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ജീവനക്കാർ തന്നെ തൊഴിൽ നികുതി അടവാക്കുന്നതിൽ സമയനിഷ്ഠ പാലിക്കാതിരുന്നത് ശരിയായ നടപടിയല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 15/ 26.5.2022 നുള്ള മറുപടിയിൽ കോവിഡ് വ്യാപനം മൂലമുണ്ടായ ജോലിത്തിരക്ക് മൂലമാണ് തൊഴിൽ നികുതി അടവാക്കാൻ കാല താമസം വന്നതെന്ന് അറിയിച്ചിട്ടുണ്ട്. ഫെബ്രുവരി മാസത്തിൽ ജീവനക്കാർക്ക് ശമ്പള വിതരണം നടത്തിയിട്ടുണ്ട് എന്നതിനാലും 2020 ഫെബ്രുവരി മാസത്തിൽ കോവിഡ് വ്യാപനം രൂക്ഷമായിട്ടില്ല എന്നതിനാലും ഈ മറുപടി പരിഗണനാർഹമല്ല.

മേലിൽ ഇത്തരം വീഴ്ചകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 മഴക്കാല പൂർവ്വ ശുചീകരണം- ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു.

ഗ്രാമ പഞ്ചായത്തിലെ 22 വാർഡുകളിലേക്കുമായി മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി വാർഡൊന്നിന് 10000 രൂപ വീതം മൊത്തം 220000 രൂപ ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും മെഡിക്കൽ ഓഫീസർ കൈപറ്റിയിട്ടുണ്ട്. (ചെക്ക് നമ്പർ- 017746/22.6.2020) എന്നാൽ ആയതിന്റെ ചെലവ് വിശദാംശങ്ങൾ പരിശോധനക്ക് ഹാജറാക്കിയിട്ടില്ല.

ചെലവ് രേഖകൾ പരിശോധനക്ക് ഹാജറാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 18/ 26.5.2022 ന മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ ചെലവ് തുക 220000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-15 ഇ ടെണ്ടർ -ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായില്ല

2020-21വർഷത്തിൽ 5 ലക്ഷത്തിനു മുകളിലുള്ള 8 പ്രവർത്തികൾ ഇ ടെണ്ടർ മുഖേന നടപ്പിലാക്കിയിട്ടുണ്ട്.നിലവിൽ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല.

| ക്രമ നം | പ്രവർത്തി | കരാറുകാരുടെഎണ്ണം | ടെണ്ടർ ഫോറം വില |
|---|---|---|---|
| 1 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം (പ്രൊജക്ട് നം.322/21) | 2 | 2500x2=5000 |
| 2 | അജൈവ മാലിന്യ ശേഖരണ കേന്ദ്രം നിർമ്മാണം (പ്രൊജക്ട് നം.321/21) | 2 | 2500x2=5000 |
| 3 | മണ്ണേക്കര അംഗൻ വാടി നിർമ്മാണം (പ്രൊജക്ട് നം.38/21) | 2 | 2500x2=5000 |
| 4 | മാതൃകാ അംഗനാവാടി ഐ.സി.ജി.എസ് ഓഫീസ് നിർമ്മാണം (പ്രൊജക്ട് നം.39/21) | 3 | 2500x3=7500 |
| 5 | നെച്ചിത്തൊടി SC കോളനി റോഡ് പുനരുദ്ധാരണം (പ്രൊജക്ട് നം.246/21) | 2 | 2500x2=5000 |
| 6 | കോടശ്ശേരി GUP സ്കൂൾ ടോയ് ലറ്റ് നിർമ്മാണം (പ്രൊജക്ട് നം.378/21) | 2 | 1600x2=3200 |

| | | | |
|---|---|---|---|
| 7 | കാട്ടിലങ്ങാടി GLP സ്കൂൾ ടോയ് ലറ്റ് നിർമ്മാണം (പ്രൊജക്ട് നം.379/21) | 2 | 1040x2=2080 |
| 8 | പാക്കച്ചിറ റോഡ് സംരക്ഷണം (പ്രൊജക്ട് നം.356/21) | 2 | 2500x2=5000 |

ആകെ 37780

ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 10 തി.26.5.2022 നൽകിയതിന് തുക ലഭ്യമാക്കാൻ കത്ത് അയച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി.ടെണ്ടർ ഫോം വില ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികൾ -അപാകതകൾ

2020-21 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 223പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 181 പ്രൊജക്ടുകളിലായി ആകെ 44627093 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെ

| | | | |
|---|---|---|---|
| ആകെ പദ്ധതി | 223 | ആകെ അടങ്കൽ | 63789369 |
| നടപ്പിലാക്കിയത് | 181 | ചെലവഴിച്ച തുക | 44627093 |
| ശതമാനം | 81.16 | ശതമാനം | 69.96 |

റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

രജിസ്റ്റർ സൂക്ഷിപ്പ് അപാകതകൾ

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും അപാകതകൾ കാണുന്നു.

1.കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ഏർപ്പെടുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

2.കരാർ രജിസ്റ്ററിൽ കരാർ പ്രകാരം പൂർത്തീകരിക്കേണ്ടതായ തീയതി (Agreed Date Of Completion)രേഖപ്പെടുത്തുന്നില്ല.

3.പി.ഡബ്യൂ.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

4. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ അഭിപ്രായക്കുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തികളിൽ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

## 1-17 കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കിൽ പരിമിതപ്പെടുത്താതെ ബിൽ തുക നൽകി.ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 4408 രൂപ അടവാക്കി

അസി.എഞ്ചിനീയർ എഞ്ചിനീയർ നിർവ്വഹണ ഉദ്യേഗസ്ഥനായി നടപ്പിലാക്കിയ പഞ്ചായത്ത് ഓഫീസ് നിർമ്മാണം എന്ന പ്രവൃത്തിയിൽ (പ്രൊജക്ട് 320/21) കരാറുകാരന് ഫൈനൽ ബിൽ നൽകിയപ്പോൾ കരാറുകാരൻ ക്വാട്ട് ചെയ്ത

നിരക്കിൽ പരിമിതപ്പെടുത്താതെ തുക നൽകിയിട്ടുണ്ട്. തുക അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 14 തി.26.5.2022 ന് രസീത് നം.1220101067/26.5.22 പ്രകാരം 4408 രൂപ അടവാക്കി

വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|
| പ്രവൃത്തി-പഞ്ചായത്ത് ഓഫീസ് നിർമ്മാണം<br>പ്രൊജക്റ്റ് നമ്പർ- 320/21<br>സാങ്കേതികാനുമതി- 4365000<br>ഫണ്ടിനം- തനത് ഫണ്ട്<br>കരാറുകാരൻ - ശ്രീ. അഹമ്മദ് മുസ്തഫ<br>കോസ്റ്റ് ഇൻഡക്സ്- 37.25%<br>ക്വാട്ട് ചെയ്ത നിരക്ക്-3824447.46<br>ഫണ്ട്-തനത് ഫണ്ട് | I And Part Bill<br>ആകെ മൂല്യ നിർണ്ണയം -2089251 -<br>10% Retension 208925<br>---------------<br>1880326 -<br>GST 2% 37606<br>IT 1% 18803<br>Kcwwf 1% 18803<br>-----------------<br>1805114<br>(ചെക്ക് നം 4181073/01.02.2019തുക 1880326)<br>II And Final Bill<br>ആകെ മൂല്യ നിർണ്ണയം -3828856 -<br>Part Bill 1880326<br>---------------<br>1948530-<br>GST 2% 38970<br>IT 1% 19485<br>Kcwwf 1% 19485<br>Fine 1% 38411<br>-----------------<br>183 2178<br>(ചെക്ക് നം 1973420/11.1.2021തുക 1948530)<br>ആകെ -3828856(1880326+1948530) | 4408<br>(3828856 -3824447 |

## 1-18 മുൻകൂർ തുക നൽകി-കമ്പ്യൂട്ടർ ലഭ്യമായില്ല

2020-21-ൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ (പ്രൊജക്റ്റ് നം.365/21)പദ്ധതിയിൽ ഉൾപ്പെടുത്തി കമ്പ്യൂട്ടറും പ്രിന്ററും വാങ്ങുന്നതിനായി 124420 രൂപ തനത് ഫണ്ടിൽ നിന്ന് കെൽട്രോണിന് നൽകിയിട്ടുണ്ട്.(ചെക്ക് നം.1973442/8.3.21) ആയതിൽ Proforma Invoice No.TVM/ITBG/P1/RC/22851/20-21 Dt.3.3.21 പ്രകാരം 51045 രൂപ യാണ് കമ്പ്യൂട്ടറിന്റെ വില നൽകിയത്.എന്നാൽ നാളിതുവരെയും കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല. കമ്പ്യൂട്ടർ ലഭ്യമാകാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.9/26.5.22 നൽകിയതിന് ജൂൺ 10 നകം എത്തിക്കാമെന്ന് കെൽട്രോണിൽ നിന്ന് അറിയിച്ചിട്ടുണ്ടെന്നമറുപടി ലഭ്യമാക്കി.കമ്പ്യൂട്ടർ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-19 സമഗ്ര വിദ്യാഭ്യാസ പദ്ധതി- രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു.

2020-21 വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ താഴെ പറയുന്ന പ്രോജെക്ട് പ്രകാരമുള്ള ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| പ്രോജെക്ട് നമ്പർ / പ്രോജെക്ടിന്റെ പേര്/ഫണ്ട്/അടങ്കൽ | ബിൽ നമ്പർ / തിയതി |
|---|---|
| 180/20-21 സമഗ്ര വിദ്യാഭ്യാസ പദ്ധതി(SO)<br>വികസനഫണ്ട് ജനറൽ<br>അടങ്കൽ -1,00,000 രൂപ<br>ചെലവ്- 1,00,000 രൂപ | 28/11.04.2020 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 1/23.5.22 ന് രേഖകൾ പഞ്ചായത്ത് ഓഫീസിൽ കൊടുത്തു എന്നാണ് നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയത്. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. 1,00,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-20 വൃദ്ധജനങ്ങൾക്ക് കട്ടിൽ- രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2020-21 വർഷത്തിൽ ഐസിഡിഎസ് സൂപ്പർവൈസർ നിർവഹണം നടത്തിയ താഴെ പറയുന്ന പ്രോജെക്ട് പ്രകാരം കട്ടിലുകൾ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| പ്രോജെക്ട് നമ്പർ / പ്രോജെക്ടിന്റെ പേര്/ഫണ്ട്/അടങ്കൽ | ബിൽ നമ്പർ / തിയതി |
|---|---|
| 316/20-21വൃദ്ധജനങ്ങൾക്ക് കട്ടിൽ (SO)<br>അടങ്കൽ -5,22,000 രൂപ<br>ചെലവ്- 5,19,720 രൂപ<br>വികസനഫണ്ട് ജനറൽ | 359/23.03.2021 |

ടെണ്ടർ നടപടിയിലൂടെ മൂർക്കത്ത് ഫർണ്ണിച്ചർ ആതവനാട് എന്ന സ്ഥാപനത്തിൽ നിന്നും വൃദ്ധജനങ്ങൾക്ക് 183 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ 12/28.12.20-4,54,400 രൂപ-160 കട്ടിലുകൾ), (ഇൻവോയ്സ് നമ്പർ 113/5.2.21-65,320 രൂപ 23 കട്ടിലുകൾ) ആയതിൽ ഇൻവോയ്സ് നമ്പർ 12/28.12.20 പ്രകാരമുള്ള 160 കട്ടിലുകൾ വിതരണം ചെയ്തതിന്റെ വിവരം ലഭ്യമാക്കി. ഇൻവോയ്സ് നമ്പർ 113/5.2.21 പ്രകാരമുള്ള 23 കട്ടിലുകൾ വിതരണം ചെയ്തതിന്റെ വിവരം ലഭ്യമാക്കാത്തതിനാൽ 65,320 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഇതു സംബന്ധിച്ച് നമ്പർ 16/25.5.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കട്ടിലുകൾ വിതരണം ചെയ്ത സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. കട്ടിലുകൾ വിതരണം ചെയ്ത രേഖകൾ ലഭ്യമാക്കി 65320/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 വിഇഒ രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

1 വി ഇ ഒ 2020-21 വർഷത്തിൽ നിർവഹണം നടത്തിയിയ പ്രോജെക്ട് ഫയലുകൾ ക്രമരഹിതമായാണ് സൂക്ഷിച്ചിട്ടുള്ളത്.

2 കാഷ്ബുക്ക്, പ്രോജെക്ട് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

3 ഫയലുകളോടൊപ്പം മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

4 ലൈഫ് ഭവന പദ്ധതി രജിസ്റ്ററിൽ പല പേജുകളിലും ഗുണഭോക്താക്കൾ മുഴുവൻ ഗഡുക്കളും കൈപ്പറ്റിയതിന്റെ വിവരം രേഖപ്പെടുത്തി ഗുണഭോക്താക്കൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.
5 എസ് സി ലൈഫ് രജിസ്റ്ററിൽ ഗുണഭോക്താവിന് നൽകിയ തുക രേഖപ്പെടുത്താതെ റവന്യൂ സ്റ്റാമ്പ് പതിച്ച് ഗുണഭോക്താവിന്റെ ഒപ്പ് രേഖപ്പെടുത്തിയതായി കാണുന്നു. ഗുണഭോക്താവിന്റെ പേര് സുമിത്ര , അമ്പലത്തിൽ വീട്.
6 ലൈഫ് ഭവനപദ്ധതി എസ് സി വിഭാഗത്തിൽ ഉൾപ്പെടുത്തി ശ്രീമതി ഉഷാദേവി ആലിക്കപ്പറമ്പിൽ എന്ന് ഗുണഭോക്താവിന് ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താവിന്റെ ഫയലിൽ പട്ടികജാതിയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടില്ല.

7 ലൈഫ് രജിസ്റ്റർ,ഭവനപുനരുദ്ധാരണ രജിസ്റ്റർ എന്നിവ വി ഇ ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
8 വി ഇ ഒ കൈകാര്യം ചെയ്യുന്ന രജിസ്റ്ററുകളിൽ ചാർജ് കൈമാറിയതിന്റെ വിവരം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-22 രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു.

2020-21 വർഷത്തിൽ വി ഇ ഒ നിർവഹണം നടത്തിയ താഴെ പറയുന്ന പ്രോജെക്ടുകളുടെ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമനമ്പർ | പ്രോജെക്ട് നമ്പർ / പ്രോജെക്ടിന്റെ പേര്/ഫണ്ട്/അടങ്കൽ | ബിൽ നമ്പർ / ചെക്ക് നമ്പർ /തിയതി |
|---|---|---|
| 1 | 293/20-21 (SO)<br>സാനിറ്ററി ലാട്രിൻ<br>അടങ്കൽ- 36,000-കേന്ദ്രാവിഷ്കൃത ഫണ്ട്<br>10,500-തനത് ഫണ്ട്<br>ചെലവ്-36,000കേന്ദ്രാവിഷ്കൃത ഫണ്ട്<br>10,200തനത് ഫണ്ട് | 1973465/28.3.2021<br>10,200 രൂപ<br>തനത് ഫണ്ട്<br>013093/28.3.21<br>36,000<br>കേന്ദ്രാവിഷ്കൃത ഫണ്ട് |
| 2 | 285/20-21 (SO)<br>വീട് വാസയോഗ്യമാക്കൽ എസ് സി<br>അടങ്കൽ-3,00,000 രൂപ<br>ചെലവ്-2,21,000 രൂപ<br>വികസന ഫണ്ട് എസ് സി പി | 72/20.5.20<br>60,000 രൂപ<br>83/29.5.20<br>30,000 രൂപ<br>130/25.8.20<br>32,000 രൂപ<br>160/22.10.20<br>99,000 രൂപ |

ഇത് സംബന്ധിച്ച് നമ്പർ 17/26.5.22 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ക്രമനമ്പർ 1 പ്രകാരം (36,000+10200) 46,200 രൂപയും ക്രമനമ്പർ 2 ലെ 32000 രൂപയും ഉൾപ്പടെ 78,200 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ക്രമനമ്പർ 2 ലെ അവശേഷിക്കുന്ന ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കി. രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 ജലജീവൻ മിഷൻ പദ്ധതി- ഗ്രാമ പഞ്ചായത്ത് വിഹിതം നൽകിയതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ഗ്രാമീണ ഭവനങ്ങളിൽ കുടിവെള്ള കണക്ഷൻ നൽകുന്നതിന് വേണ്ടി കേന്ദ്ര സംസ്ഥാന തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്തമായി നടപ്പിലാക്കുന്നജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ആതവനാട് ഗ്രാമ പഞ്ചായത്ത് പരിധിയിൽ 2000 ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന്റെ ഭാഗമായി 2020-21 വാർഷിക പദ്ധതിയിലുൾപ്പെടുത്തി 75 ലക്ഷം രൂപയുടെ പ്രൊജക്റ്റിന് അംഗീകാരം വാങ്ങുകയും ചെയ്തു. (പ്രൊജക്ട് നമ്പർ-347/21). ആദ്യഘട്ടമെന്ന നിലക്ക് 600 കണക്ഷൻ നൽകുന്നതിന് 15 ശതമാനം പഞ്ചായത്ത് വിഹിതം കണക്കാക്കി 1350000 രൂപ (വികസനഫണ്ട് ജനറൽ) കേരള ജല അതോറിറ്റി, എടപ്പാൾ ഡിവിഷനിലേക്ക് നൽകി.(BRN 20150852010601337158/ 24.3.2021)

പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള രേഖകൾ/ വിവരം ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 3/ 24.5.2022 ന് വസ്തുതാപരമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

1. 13.5 ലക്ഷം രൂപ ചെലവ് ചെയ്തതിന്റെ വിനിയോഗ സാക്ഷ്യപത്രം

2. കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ്, വാട്ടർ അതോറിറ്റിയുമായി ചമച്ച കരാർ ഉടമ്പടി എന്നിവ

3. പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം

4. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരം, ഏതെങ്കിലും കണക്ഷൻ നൽകാനായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, നാളിതു വരെ എത്ര കണക്ഷൻ നൽകി എന്ന വിവരം.

5. പദ്ധതി നാളിതു വരെ ആരംഭിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം, ഗ്രാമ പഞ്ചായത്ത് സ്വികരിച്ച തുടർ നടപടി വിവരം എന്നിവ.

6. കിണർ, ടാങ്ക് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം

മേൽ വിശദാംശങ്ങളുടേയും വിനിയോഗ സാക്ഷ്യപത്രത്തിന്റെയും അഭാവത്തിൽ ചെലവ് തുക 1350000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-24 തെരുവ് വാട്ടർ ടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധന നടത്തി ഉറപ്പ് വരുത്തിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ 2020-21 വർഷത്തിൽ 30 വാട്ടർ ടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം 13125 രൂപ വീതം കേരള വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിലെ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ കൃത്യമായ എണ്ണം നിജപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണത്തിനനാനുപാതികമായ വെള്ളക്കരം തന്നെയാണ് അടവാക്കുന്നതെന്ന് ഗ്രാമ പഞ്ചായത്തിന് ബോധ്യമില്ല. സംയുക്ത പരിശോധന നടത്താത്ത തദ്ദേശ സ്ഥാപനങ്ങൾ ആയതിന് വാട്ടർ അതോറിറ്റിക്ക് രേഖാമൂലം കത്ത് നൽകണമെന്ന് ജി.ഒ.(ആർ.ടി) 2242/2011/ത.സ്വ.ഭ.വ. തി- 28-09-2011 നമ്പർ ഉത്തരവിൽ സർക്കാർ നിർദ്ദേശിച്ചിരുന്നു. സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ റിപ്പോർട്ടും ടാപ്പുകളുടെ കൃത്യമായ ലൊക്കേഷൻ രേഖപ്പെടുത്തിയ റജിസ്റ്റർ , വെള്ളക്കരം അടവാക്കുന്നത് സംബന്ധിച്ച് സൂക്ഷിക്കുന്ന റജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 8/25.52022 നുള്ള മറുപടിയിൽ അടിയന്തിരമായി സംയുക്ത പരിശോധന നടത്തുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

സംയുക്ത പരിശോധന നടത്തി വിവരം അറിയിക്കേണ്ടതും ടാപ്പുകളുടെ കൃത്യമായ വിവരം രേഖപ്പെടുത്തി റജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

## 1-25 വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു

ഗ്രാമ പഞ്ചായത്തിൽ 2020-21 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറി നടപ്പാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകളിൽ വിവിധ സ്ഥാപനങ്ങൾക്ക് ഗ്രാമ പഞ്ചായത്തിന്റെ വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
ചെലവ് തുകയുള്ള വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം അതാത് സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 13/26.5.2022 ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്.

വിനിയോഗ സാക്ഷ്യപത്രം അതാതു സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

### 1-25-1 എസ്.എസ്.എ. വിഹിതം

| പ്രോജക്ടിന്റെ പേരും നമ്പരും | തുക നൽകിയ സ്ഥാപനം | നൽകിയ തുക | ബിൽ നമ്പർ/ ചെക്ക് നമ്പർ |
|---|---|---|---|
| എസ്.എസ്.എ. വിഹിതം (4/21) | എസ്.എസ്.എ. ജില്ലാ പ്രോജക്ട് ഓഫീസർ | 829000<br>660000<br>11000<br>(വികസനഫണ്ട് ജനറൽ) | 2015085201060094 9955/15.1.2021<br>2015085201060094 9957/15.1.2021<br>2015085201060140 8246/28.3.2021 |
| ആകെ | | 1500000 | |

### 1-25-2 സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകിയത്

| പ്രോജക്ടിന്റെ പേരും നമ്പരും | തുക നൽകിയ സ്ഥാപനം | നൽകിയ തുക | ബിൽ നമ്പർ/ ചെക്ക് നമ്പർ |
|---|---|---|---|
| സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകിയത് (5/21) | സാമൂഹ്യ സുരക്ഷാ മിഷൻ | 500000 (വികസനഫണ്ട് ജനറൽ) | 201508520106009290 48/12.1.2021 |

### 1-25-3 ഐ.കെ.എം. വിഹിതം നൽകിയത്.

| പ്രോജക്ടിന്റെ പേരും നമ്പരും | തുക നൽകിയ സ്ഥാപനം | നൽകിയ തുക | ബിൽ നമ്പർ/ ചെക്ക് നമ്പർ |
|---|---|---|---|
| ഐ.കെ.എം. വിഹിതം നൽകിയത്. (6/21) | ഐ.കെ.എം. | 114621 (വികസനഫണ്ട് ജനറൽ) | 20150852010600929052/12.1.2021 |

## 1-25-4 സ്ട്രീറ്റ്മെയിൻ വലിക്കൽ

| പ്രോജക്ടിന്റെ പേരും നമ്പരും | തുക നൽകിയ സ്ഥാപനം | നൽകിയ തുക | ബിൽ നമ്പർ/ ചെക്ക് നമ്പർ |
|---|---|---|---|
| സ്ട്രീറ്റ്മെയിൻ വലിക്കൽ (SO) (145/21) | കെ.എസ്.ഇ.ബി, പുത്തനത്താണി<br>കെ.എസ്.ഇ.ബി, കാടാമ്പുഴ | 147000<br>361998 (CFC) | 20150852010600144456/10.5.20<br>20150852010600144456/10.5.20 |

## 1-26 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം-അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി 20-21-ൽ നിർവ്വഹണം നടത്തിയ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം (പ്രോജക്ട് നം.17/21) എന്ന പദ്ധതിക്കായി 4 ലാപ് ടോപ്പുകൾ വാങ്ങുന്നതിനായി വികസനഫണ്ട് SCP യിൽ നിന്ന് 109840 രൂപ (4x27460) ബിൽ നം. 20150852026601343779/24.3.21 പിൻവലിച്ച് കെൽട്രോണിന് നൽകുകയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളിൽ ശ്രീ .അക്ഷയ് ടി.വി (ഗുണഭോക്തൃ ലിസ്റ്റ് ക്രമ നം.2) എന്ന വിദ്യാർത്ഥി റീജിയണൽ എഡ്യൂക്കേഷണൽ ഇൻസ്റ്റ്യൂട്ട് തിരൂരിൽ KGCE Auto Mobile എന്ന സർട്ടിഫിക്കറ്റ് കോഴസിനാണ് പഠിക്കുന്നത്.സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം.22/2018/ത.സ്വഭ.വ തി.14.2.2018 ഖണ്ഡിക 7.2.8, 7.2.9 പ്രകാരം സർട്ടിഫിക്കറ്റ് കോഴ്സ് പഠിക്കുന്നവർക്ക് ലാപ്ടോപ്പിന് അർഹതയില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 5/24.5.2022 നൽകിയതിന് കേരള ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ അംഗീകീരത്തോടെയുള്ള 2 വർഷത്തെ കോഴ്സ് ആണെന്ന സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകിയത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആനുകൂല്യ വിതരണത്തിൽ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-27 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - അപാകത

നിർവ്വഹണം- സെക്രട്ടറി

| പ്രൊജക്ട്/ നമ്പർ | വകയിരുത്തിയ തുക | ഫണ്ടിനം | ചെലവ് തുക |
|---|---|---|---|
| സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, 348/21 | 250000 | സി.എഫ്.സി | - |
| സ്ട്രീറ്റ് ലൈറ്റ് പുനസ്ഥാപിക്കൽ,349/21 | 750000 | സി.എഫ്.സി | 695862 |
| ആകെ | 1000000 | | 695862 |

2020-21 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മേൽ പ്രൊജക്ടുകൾ പ്രകാരം 695862 രൂപ പിൻവലിച്ച് 16449 രൂപ റീടെൻഷൻ പിടിച്ച് 679413 രൂപ KREWS എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (BRN-201508520106014419/30.3.2021).

മേൽ പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. വിളക്കുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. യുടെ അനുമതിക്ക് 7.1.2020 ന് കത്ത് നൽകിയിരുന്നുവെങ്കിലും അനുമതി ലഭിച്ചതിന്റെ വിവരമില്ല.

2. KREWS ലഭ്യമാക്കിയ വിളക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ/തിയതി | വിളക്കുകളുടെ എണ്ണം | നികുതിയടക്കം തുക |
|---|---|---|---|
| 1 | KREWS/A161/20-21 /18.11.20 | 2X9 Watt LED Bulb<br>200 എണ്ണം | 302599 (ഇൻവോയ്സ് പ്രകാരമുള്ള തുക അനുവദിച്ചിട്ടില്ല) |
| 2 | KREWS/A163/20-21 /15.12.20 | 2X9 Watt LED Bulb<br>200 എണ്ണം | 695862 |
| | -Do- | Automatic On/off Switch<br>441 എണ്ണം | |

എന്നാൽ വിളക്കുകൾ കൈപ്പറ്റിയതായും വിളക്കുകൾ സ്റ്റോക്കിലെടുത്ത് ഇൻസ്റ്റാൾ ചെയ്തതായും വിവരമില്ല. തെരുവ് വിളക്കുകളുടെ പരിപാലനം നിരീക്ഷിക്കുന്നതിന് അവയുടെ എണ്ണം, ഇനം, അവ സ്ഥാപിച്ചിട്ടുള്ള ലൊക്കേഷൻ എന്നിവ രേഖപ്പെടുത്തി റജിസ്റ്റർ സൂക്ഷിക്കുന്നില്ല. തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുകയോ റിപ്പയർ ചെയ്യുകയോ ചെയ്യുമ്പോൾ തിരിച്ചേൽപിക്കുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നതിനും സംവിധാനമില്ല.

3. വിതരണം ചെയ്ത തെരുവ് വിളക്കുകൾക്ക് വിതരണം ചെയ്ത തിയതി മുതൽ 12 മാസമാണ് വാറണ്ടി കാലാവധി. സ്ഥാപിക്കുന്ന തെരുവ് വിളക്കുകൾക്ക് വാറണ്ടി കാലാവധിക്കുള്ളിൽ കേടുപാടുകൾ സംഭവിക്കുന്ന പക്ഷം പഞ്ചായത്തിന്റെ രേഖാമൂലമുള്ള അറിയിപ്പ് ലഭിച്ച് 25 ദിവസത്തിനകം സ്ഥാപനം പരാതി പരിഹരിക്കേണ്ടതാണെന്നും എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. എന്നാൽ സ്ഥാപിച്ച ഭൂരിഭാഗം ലൈറ്റുകളും പ്രവർത്തിക്കുന്നില്ലെന്ന് പരാതികൾ ലഭിച്ചതിന്റെയടിസ്ഥാനത്തിൽ പ്രവൃത്തിക്കാത്തവ മാറ്റി സ്ഥാപിക്കുകയോ റിപ്പയർ ചെയ്യുകയോ ചെയ്യണമെന്ന് 3.8.2021 ലെ എ1-4444/21 നമ്പർ കത്തിൽ സെക്രട്ടറി ക്രൂസ് മാനേജറെ അറിയിച്ചിരുന്നു. 18.9.21 ന് ഇത് സംബന്ധിച്ച് ഓർമ്മക്കുറിപ്പും നൽകിയിരുന്നു. എന്നാൽ ക്രൂസിന്റെ ഭാഗത്ത് നിന്നും യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ആയതിനാൽ തെരുവ് വിളക്കുകൾ പ്രവർത്തനക്ഷമമാക്കാതെ ബാക്കി തുക അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് ഗ്രാ.പ. ന്റെ 1.11.2021 ലെ 7(13) നമ്പർ തീരുമാന പ്രകാരം ഗ്രാമ പഞ്ചായത്ത് തീരുമാനിക്കുകയും അക്കാര്യം 23.12.2021 ലെ എ1-4444/2021 നമ്പർ കത്തിൽ സെക്രട്ടറി ക്രൂസിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ഇക്കാര്യത്തിൽ ക്രൂസ് എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം വിളക്കുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അല്ലാത്തപക്ഷം വിളക്കുകളുടെ വാറണ്ടി കാലയലവ് അവസാനിച്ച സാഹചര്യത്തിൽ ക്രൂസിനെതിരെ നിയമ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ക്രൂസിന് ബാലൻസ് തുക നൽകിയിട്ടുണ്ടോ എന്ന വിവരവും അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 12/26.5.2022 ന് ലഭ്യമാക്കിയ മറുപടിയിൽ വസ്തുതാപരമായ വിവരങ്ങളില്ല.

മേൽ അപാകതകൾക്ക് വസ്തുതാപരമായ വിശദീകരണം ഉൾപ്പെടുത്തി മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 2020-21 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 380408 | 177/21<br>നെൽ കൃഷി വികസനം -കൂലി ചെലവ് | 380408 | 0 |
| | 165385 | 9/21<br>നെൽ കൃഷി വികസനം -കൂലി ചെലവ് സബ്സിഡി | 165385 | 0 |
| | 39200 | 286/21<br>ലൈഫ് പദ്ധതി | 39200 | 0 |
| | 429083 | 278/21<br>ഇ പി കെ നഗർ തോട് നവീകരണം | 429083 | 0 |
| | 250000 | 117/21<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 250000 | 0 |
| ആകെ | 1264076 | | 1264076 | |
| ജില്ലാ പഞ്ചായത്ത് | 1400000 | 199/21<br>ലൈഫ് പദ്ധതി മൂന്നാം ഘട്ടം | 1400000 | 0 |
| | 450000 | 117/21<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 450000 | 0 |
| | 401579 | 246/21<br>നെച്ചിതൊടി എസ് സി കോളനി റോഡ് പുനരുദ്ധാരണം | 401579 | 0 |
| ആകെ | 2251579 | | 2251579 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./<br>ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| കെ. എസ്. ഇ. ബി | 145/21-<br>സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 2015085201060014445 6/10.5.20<br>2015085201060014445 6/10.5.20 | 508998 | 0 | പൂർത്തീകരിച്ചിട്ടില്ല | 508998 |
| കെ.ഡബ്ല്യൂ.എ | 347/21-<br>ജലജീവൻ മിഷൻ പദ്ധതി | BRN 20150852010601337158/<br>24.3.2021 | 1350000 | 0 | പൂർത്തീകരിച്ചിട്ടില്ല | 1350000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 01 | ലൈഫ് പദ്ധതി | GO(MS)68/18/LSGD Dt. 24.03.2018 | 3600000 | 1925105 | 468471 | - | 5056634 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 2284939 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 177082 |
| ആകെ | 2462021 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2462021 |

2019-20 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷപത്തിന്റെ വിവരം | തുക | രശീതിനമ്പർ/തീയതി |
|---|---|---|
| ആതവനാട് സർവ്വീസ് സഹകരണബാങ്ക് | 813567 | 0201000528/16.03.21 |
| കുറുമ്പത്തൂർ സർവ്വീസ് സഹകരണബാങ്ക് | 1648454 | 4182/24.01.21 |
| ആകെ | 2462021 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 29343/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14,14-15 | 3-19 | 5805 | ശ്രീ. പൌലോസ് , അസി.എഞ്ചിനീയർ | 120160103493/02.11.20 |
| 2013-14,14-15 | 3-19 | 5805 | ശ്രീ. സുബ്രമണ്യൻ, അസി.എക്സി.എഞ്ചിനീയർ | 120160103494/2.04.20 |
| 2017-18 | 3-1,3-2,3-3,3-4 | 17733 | ആനി ഷിജി, അസി.എഞ്ചിനീയർ | 120160105245/01.01.21 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-02 (Plan) | Part II I | 2004-05 | -- | അങ്കണവാടി കെട്ടിട നിർമ്മാണം | നടപടി തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | മുൻകൂർ ക്രമീകരിച്ചില്ല | |
| “ | 6,7 | 2004-05 | -- | PHC നിർമ്മാണം മുൻകൂർ ക്രമീകരിച്ചില്ല | ” |
| 2014-15 | 2(1), 2(2), 2(3), 2(4) | 2016-17 | | വസ്തു നികുതി, തൊഴിൽ നികുതി സംബന്ധിച്ച അനുബന്ധങ്ങൾ | ” |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, തിയതി | തുക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 96-97 | 43 (1) (2),4647,51 (1) (2) | കെ.മൊയ്തുണ്ണി | LF 7739/ Spl.cell/SC1/2000 16.3.02 | 39278 | അടവാക്കിയിട്ടില്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 94847328 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 109056252 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 44,88,184 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 220000 | ശ്രീ.സക്കീർ ഹുസൈൻ,സെക്രട്ടറി |
| 1-18 | | |
| | 51045 | ശ്രീ.അബ്ദുൾ ഖാലിക്, അസി.എഞ്ചിനീയർ |
| 1-19 | 1,00,000 | ശ്രീമതി.മല്ലിക എം, ഹെഡ്മിസ്ട്രസ് |
| 1-20 | 65,320 | ശ്രീമതി. ഗിരിജ, ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-22 | 78,200 | ശ്രീ. സുജിത്ത്, വി ഇ ഒ |
| 1-23 | 1350000 | ശ്രീ.സക്കീർ ഹുസൈൻ,സെക്രട്ടറി |
| 1-25-1 | 1500000 | ശ്രീ.സക്കീർ ഹുസൈൻ,സെക്രട്ടറി |
| 1-25-2 | 500000 | ശ്രീ.സക്കീർ ഹുസൈൻ,സെക്രട്ടറി |
| 1-25-3 | 114621 | ശ്രീ.സക്കീർ ഹുസൈൻ,സെക്രട്ടറി |
| 1-25-4 | 508998 | ശ്രീ.സക്കീർ ഹുസൈൻ,സെക്രട്ടറി |
| ആകെ | 44,88,184 | |

സ) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം

മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സക്കീർ ഹുസൈൻ,സെക്രട്ടറി | സെക്രട്ടറി, ആതവനാട് ഗ്രാമ പഞ്ചായത്ത് | കലമ്പൻ കൊട്ടാരത്ത് വീട് ഇരിമ്പിളിയം |
| ശ്രീ.അബ്ദുൾ ഖാലിക്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, ആതവനാട് ഗ്രാമ പഞ്ചായത്ത് | ചേക്കമരക്കാരകത്ത് വീട് പറവണ്ണ |
| ശ്രീമതി.ശ്രീകല, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, കുടശ്ശേരി യു പി സ്കൂൾ | കൌസ്തുഭം കുറുമ്പത്തൂർ പി ഒ 676 301 |
| ശ്രീമതി. ഗിരിജ, ഐ സി ഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ് സൂപ്പർവൈസർ, ആതവനാട് ഗ്രാമ പഞ്ചായത്ത് | പിള്ളേക്കാട് വീട് വളാഞ്ചേരി |
| ശ്രീ. സുജിത്ത്, വി ഇ ഒ | വി ഇ ഒ, ആതവനാട് ഗ്രാമ പഞ്ചായത്ത് | കലാലയം കോവയൽ മെഡിക്കൽ കോളേജ് |
| ശ്രീമതി.പ്രീത എസ് നായർ, അസി.സെക്രട്ടറി | അസി.സെക്രട്ടറി, ആതവനാട് ഗ്രാമ പഞ്ചായത്ത് | അവനിക മുളമുക്ക് നെടുമങ്ങാട് പി ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക് |
|---|---|---|---|
| 1992-93,93-94 | LFM11/563/02, Dt;19-10-10 | 5 | |
| 1994-95,95-96 | LFM13/736/99, Dt;19-10-10 | 10 | |
| 1996-97 | LFM13/371/02,dt;19-10-10 | 8 | |
| 1-4-97 To 30-6-98 | LFM13/339/04 Dt. 19.10.10 | 9 | |
| 1998-99 | LF M12/875/04 Dt. 19.10.10 | 8 | |
| 1999-00 | LF M13/1473/04 Dt. 19.10.10 | 3 | |
| 2000-01 | LF M13/ 1474/04 Dt. 19.10.10 | 1 | |
| 2001-02 | LFM12/1475/04 Dt 19.10.10 | 3 | |
| 2002-03 | LFM0/279/08 Dt. 19.10.10 | 4 | |
| 2003-04 | Lf M13/280/08 Dt. 19.10.10 | 3 | |
| 2004-05 | LFM19/2022/08, Dt. 19.10.10 | 22 | |
| 2005-06 | LFM19/913/10, Dt: 21-8-10 | 10 | |

| | | | |
|---|---|---|---|
| 2006-07 | LF M19/ 914/10 Dt. 21.08.10 | 17 | |
| 2007-08 | LFM13/537/12, Dt: 24-4-12 | 24 | |
| 2008-09 | LF M13/538/12 Dt. 24.4.12 | 18 | |
| 2009-10,2010-11 | LF M13/1623/13 Dt: 25-9-13 | 25 | |
| 2011-12, 2012-13 | KSAMPM 13/1562/15, 25-9-13 | 21 | |
| 2013-14, 2014-15 | KSAMPM 13/1874/16, 27-07-16 | 21 | |
| 2015-16 | KSAMPM 13/3019/16, 18-11-16 | 22 | - |
| 2016-17 | KSAMPM 13/2015/2017 Dt.25.09.2017 | 19 | |
| 2017-18 | KSA MPM13/49/19 Dt. 16.02.19 | 21 | |
| 2018-19 | KSA MPM13/239/20 Dtd 19.11.20 | 25 | |
| 2019-20 | KSA MPM13/913/21 Dtd. 30.06.21 | 28 | |

ഡെപ്യൂട്ടി ഡയറക്ടർ

മലപ്പുറം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്